## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6593 04.04.2018 - ൽ മറുപടിക്ക്**

# കെ.എസ്.റ്റി. പി. രണ്ടാം ഘട്ടം റോഡ് നിർമ്മാണത്തിലെ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :<br>ശ്രീ. അടൂർ പ്രകാശ് :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കെ. എസ്. റ്റി. പി. രണ്ടാം ഘട്ടം പദ്ധതിയിലുൾപ്പെട്ട തലശ്ശേരി - കളറോഡ് റോഡ്, കളറോഡ്-വളവ് റോഡ് എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനത്തിൽ പ്രതീക്ഷിച്ച പുരോഗതി ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് ; | (എ) കെ. എസ്. റ്റി. പി. രണ്ടാം ഘട്ടം പദ്ധതിയിലുൾപ്പെട്ട തലശ്ശേരി - കളറോഡ് റോഡും കളറോഡ്-വളവ് പാറ റോഡും നല്ല രീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| (ബി) രണ്ടാം ഘട്ട പദ്ധതിക്കായി ലോകബാങ്ക് നൽകിയ വായ്പ എത്ര കോടി രൂപയാണ്; അതിന്റെ തിരിച്ചടവ് എന്നാണ് ആരംഭിക്കുന്നത്; | (ബി) രണ്ടാം ഘട്ട പദ്ധതിക്കായി ലോകബാങ്കിന്റെ വായ്പ് 1166 കോടി രൂപ. വായ്പയുടെ തിരിച്ചടവ് ആരംഭിക്കുന്നത് 2018 സെപ്റ്റംബർ മുതൽ ആണ്. |
| (സി) തിരുവല്ല ബൈപ്പാസ് നിർമ്മാണം റീ ടെണ്ടർ നടത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (സി) തിരുവല്ല ബൈപ്പാസ് നിർമ്മാണത്തിന്റെ റീ - ടെണ്ടർ ഡോക്യുമെന്റ്സ് ലോകബാങ്കിന്റെ അനുമതിയ്ക്കായി അയച്ചുകൊടുത്തു. ലോകബാങ്കിൽ നിന്നും ചില തിരുത്തലുകൾ നിർദ്ദേശിച്ചു. അതനുസരിച്ചുള്ള തിരുത്തലുകൾ നടത്തി ലോകബാങ്കിന് |

അംഗീകാരം ലഭിച്ചാലുടൻ ടെണ്ടർ നടപടി തുടങ്ങുന്നതാണ്. കഴിഞ്ഞ സർക്കാർ കാലത്ത് സമർപ്പിച്ച ഡി. പി. ആർ - ൽ ഗുരുതര ക്രമക്കേടുകൾ ആരോപിക്കപ്പെട്ടു. അന്വേഷണം നടന്നു വരികയാണ്. ഡി. പി. ആർ. പുതുക്കി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റിയറിംഗ് കമ്മിറ്റി ഈ സർക്കാരിന്റെ കാലത്ത് അംഗീകാരം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | പുനലൂർ - പൊൻകുന്നം റോഡ് എഞ്ചിനീയറിംഗ് പ്രൊക്യുർമെന്റ് കൺസ്ട്രക്ഷൻ രീതിയിൽ നിർമ്മിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ? | (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ പദ്ധതി മരവിപ്പിച്ചിരുന്നു. സ്വകാര്യ പങ്കാളിത്ത പ്രശ്നമായിരുന്നു കാരണം. അതു പരിഹരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. 82 കി. മീ. ദൈർഘ്യമുള്ള പുനലൂർ - പൊൻകുന്നം റോഡ് നിർമ്മാണം ലോകബാങ്കുമായിട്ടുള്ള കരാർ വ്യവസ്ഥ പ്രകാരം പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്. ഇതിനുവേണ്ടിയുള്ള ദർഘാസ് പ്രമാണങ്ങളും മറ്റ് ഡോക്യുമെന്റുകളും ഉണ്ടാക്കുന്നതിന് കെ. എസ്. റ്റി. പി - യെ സഹായിക്കുന്നതിനുള്ള ട്രാൻസാക്ഷൻ അഡ്വൈസറെ നിയമിച്ചു. ആദ്യ ദർഘാസിൽ കരാറുകാരനിൽ നിന്നും മതിയായ പ്രതികരണം ഇല്ലാതിരുന്നതിനാൽ പുനർദർഘാസ് ക്ഷണിച്ച് 8 കരാറുകാരുടെ യോഗ്യതാ ലിസ്റ്റ് തയ്യാറാക്കി ലോകബാങ്കിന്റെ അംഗീകാരം വാങ്ങി. ഈ പദ്ധതി വായ്പാകാലാവധിയ്ക്കു മുൻപ് തീർക്കാൻ സാധിക്കുകയില്ലായെന്നും ഇത്തരം പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പണികൾ |

ഏറ്റെടുക്കുന്നതിന് പൊതുമേ നിക്ഷേപകർ താൽപര്യം കാണിക്കുന്നില്ല എന്നുമുള്ള കാരണങ്ങളാൽ കരാറുകാരിൽ നിന്നും റേറ്റുകൾ വാങ്ങിക്കുന്നതിനുള്ള RFP ഡോക്യുമെന്റ് ലോകബാങ്കിൽ നിന്നും ലഭിച്ചില്ല. ആയതുകൊണ്ട് മറ്റ് നിർമ്മാണ രീതികൾ അതായത് എഞ്ചിനീയറിംഗ് പ്രൊക്യുർമെന്റ് കൺസ്ട്രക്ഷൻ (EPC) മുതലായവ അവലംബിച്ച് പണികൾ ഇപ്പോഴത്തെ മുൻ കാലാവധിക്കു മുന്നേ (30.04.2019) തീർക്കാമോ എന്ന് പരിശോധിക്കണമെന്ന് ലോകബാങ്ക് അഭിപ്രായപ്പെട്ടു. അതനുസരിച്ച് എഞ്ചിനീയറിംഗ് ഡിസൈനുകളും, ഡി. പി. ആർ - ഉം പുതുക്കി തയ്യാറാക്കി വെവ്വേറെ ബഹു. മുഖ്യമന്ത്രിയും ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയും ലോക ബാങ്കുമായി 2017 നവംബർ മാസത്തിൽ കൂടിയാലോചന നടത്തിയിരുന്നു. കൂടാതെ ഇതിനുള്ള അനുമതിയ്ക്കായി ലോകബാങ്കിനേയും, കേന്ദ്ര-സർക്കാരിനേയും നേരിൽ കണ്ടു പൊതുമരാമത്ത് സെക്രട്ടറിയും, കെ. എസ്. റ്റി. പി പ്രോജക്ട് ഡയറക്ടറും ചർച്ച ചെയ്തു. ലോകബാങ്കിൽ നിന്നും ഡി. ഇ. എ (കേന്ദ്രസർക്കാരിന്റെ ഇക്കണോമിക്സ് അഫയേർസ്) - യിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ദർഘാസുകൾ ക്ഷണിച്ച് പ്രവൃത്തി തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

S. Bindu

**സെക്ഷൻ ഓഫീസർ**